# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1085** **30.10.2019-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്താകമാനം വിവിധ തൊഴിൽ മേഖലകളിലായി എത്ര ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു എന്നും പ്രധാനമായും ഏതെല്ലാം മേഖലകളിലാണ് എന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിലായി എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് നടപ്പാക്കി വരുന്ന 'ആവാസ്' ഇൻഷ്വറൻസ് പദ്ധതിയിൽ 22.10.2019 വരെ 458210 ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. പ്രധാനമായും നിർമ്മാണം, ടിംബർ ആന്റ് പ്ലൈവുഡ്, കാർഷികം, ചെറുകിട തോട്ടം എന്നീ മേഖലകളിലാണ് ഇവർ ജോലി നോക്കി വരുന്നത്. |
| (ബി) ഇവരുടെ കണക്കുകൾ (എണ്ണം) എപ്പോഴാണ് എടുത്തത് എന്നും കണക്ക് കാലോചിതമായും കൃത്യമായും എടുക്കുവാൻ എന്തു നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (ബി) 01.11.2017-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട 'ആവാസ്' ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള രജിസ്ട്രേഷൻ/തിരിച്ചറിയൽ കാർഡ് വിതരണ നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) ഇവർക്കായി സർക്കാർ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അവ എത്ര പേർക്ക് നൽകുവാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി തുടങ്ങിയതിന് ശേഷം അപകട മരണം സംഭവിച്ച തൊഴിലാളികളുടെ ആശ്രിതർക്ക് 14,00,000 രൂപയും ചികിത്സയ്ക്കായി 42 പേർക്ക് 2,84,565/-രൂപയും അനുവദിച്ചിട്ടുണ്ട്. |

ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിലേക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം , ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം നാളിതുവരെ വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ആനുകൂല്യം** | **ലഭിച്ചവരുടെ എണ്ണം** |
|---|---|
| **പ്രസവാനുകൂല്യം** | 111 |
| **ടെർമിനൽ ബെനിഫിറ്റ്** | 80 |
| **ചികിത്സാ ധനസഹായം** | 13 |
| **വിദ്യാഭ്യാസ ഗ്രാന്റ്** | 3 |
| **മരണാനന്തര ആനുകൂല്യം** | 24 |
| **മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള ധനസഹായം** | 26 |

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്ക കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്.

(ഡി) ഇവർക്കായി ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കിയിട്ടുണ്ടോ; എത്ര പേർ ഇതിൽ പങ്കാളികളായി; ഏതു ഏജൻസി വഴി നടത്തുന്നു; ഇവർക്ക് ലഭ്യമാകുന്ന പരിരക്ഷ എന്ത്; വ്യക്തമാക്കാമോ;

(ഡി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന നിലയിൽ 'ആവാസ് ഇൻഷ്വറൻസ്' പദ്ധതി നടപ്പിലാക്കി വരുന്നു. ഇപ്പോൾ അഷ്വറൻസായാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ചികിത്സാനുകൂല്യം ചിയാക് മുഖേനയാണ് നൽകി വരുന്നത്. സ്മാർട്ട് ഐടി സർവ്വീസസ് കൽക്കട്ടയാണ് ഡിജിറ്റലൈസ്ഡ് സ്മാർട്ട് കാർഡുകൾ

| | |
|---|---|
| | നൽകുന്നതിനുള്ള ഏജൻസി. 22.10.2019 വരെ 458210 പേര് ആവാസ് ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. കിടത്തി ചികിത്സയ്ക്ക് 15,000/- രൂപയും അപകട മരണത്തിന് 2,00,000/- രൂപയും നൽകി വരുന്നു. |
| (ഇ) ഇതര സംസ്ഥാന തൊഴിലാളികളായി സംസ്ഥാനത്ത് തൊഴിലെടുക്കുന്നവരിൽ മോഷണം, പിടിച്ചുപറി തുടങ്ങിയ ക്രിമിനൽ നടപടികളിലുൾപ്പെട്ടവരും പല രോഗങ്ങളുടെ വാഹകരുമായവരും ഉണ്ടെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തൊഴിലാളികളുടെ ക്രിമിനൽ സ്വഭാവം സംബന്ധിച്ച പരിശോധന തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യബോധവത്ക്കരണ മെഡിക്കൽ ക്യാമ്പുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.